# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3011 18.10.2016-ലെ മറുപടിയ്ക്ക്

**കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ. ദാസൻ** **ഡോ. റ്റി.എം. തോമസ് ഐസക്**

**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | | |
|---|---|---|
| (എ) | കൊയിലാണ്ടി സബ് ട്രഷറി നിലവിൽ പ്രവർത്തിക്കുന്നത് പഴക്കമുള്ളതും സൗകര്യങ്ങൾ പരിമിതവുമായ ഒരു കെട്ടിടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് 2006-2011 കാലയളവിൽ സർക്കാരിൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള ഫയലുകളുടെ വിവരങ്ങൾ വിശദമാക്കാമോ? | കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനുസമീപം സർവ്വേ 39-ൽ 1(b) പ്രകാരം ചെറുകിട ജലസേചന ഡിവിഷന്റെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന 25 സെൻറ് സ്ഥലം ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിക്കണമെന്ന് കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസർ ആവശ്യപ്പെട്ടുകയും അതനുസരിച്ച് പ്രസ്തുത സ്ഥലത്ത് 15.5 സെൻറ് സ്ഥലവും അതിലുൾപ്പെട്ട പഴയ ക്വാർട്ടേഴ്സ് കെട്ടിടവും സർക്കാർ നിശ്ചയിക്കുന്ന വില ഈടാക്കി കൊയിലാണ്ടി സബ് ട്രഷറി |

| | | |
|---|---|---|
| | | ഓഫീസിന് കൈമാറ്റം നടത്താവുന്നതാണെന്ന് 21.02.2011 തീയതിയിലെ E4-467/2011 നമ്പർ കത്ത് പ്രകാരം ജലസേചന വകുപ്പ് പ്രോജക്റ്റ് 1 ചീഫ് എഞ്ചിനീയർ കോഴിക്കോട് ജലവിഭവ (IR) വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റിയാടി ജലസേചന പദ്ധതി പേരാമ്പ്രയുടെ 06.11.2014 തീയതിയിലെ E5-175/11 കത്ത് പ്രകാരം നിർദ്ദിഷ്ട സ്ഥലം റവന്യൂ ഭൂമിയാക്കാനുള്ള നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ട്രഷറി വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ